എന്ന പേരിലുള്ള കമ്പനി 31-1-2008-ൽ രജിസ്റ്റർ ചെയ്ത് 5-3-2008 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി & സി) ഈ കമ്പനിയിലെ സർക്കാർ ഓഹരി പങ്കാളിത്തം 51% ആണ്. ഈ ഇനത്തിൽ ഇതുവരെ 40.10 കോടി രൂപാ ഈ കമ്പനിക്ക് ഓഹരി മൂലധനമായി സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി കമ്പനിക്ക് സർക്കാർ ഇതുവരെ വില നിശ്ചയിച്ചു നൽകിയിട്ടുള്ള ഭൂമിയുടെ വിലയായ 55.77 കോടി രൂപയും കമ്പനിയിലുള്ള സർക്കാരിന്റെ ഓഹരി മൂലധനമാണ്.

(ഡി - എഫ്) കമ്പനിയുടെ 49% ഓഹരി സമാഹരിക്കുന്നതിന് അറേഞ്ചേഴ്സായി SBI Capital Markets-നെ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുമായി കരാറിൽ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 49% ഓഹരികൾ സ്വകാര്യ വ്യക്തികൾ, ധനകാര്യ സ്ഥാപനങ്ങൾ, ഐ.ടി. കമ്പനികൾ, പ്രവാസികൾ, മറ്റുള്ളവർ എന്നിവരിൽ നിന്നാണ് സ്വരൂപിക്കുന്നത്.

(ജി) പരിഗണനയിലില്ല.

ഹെവിമെയിന്റനൻസ് പദ്ധതി പ്രകാരമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ

6 (*606) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ ഹെവി മെയിന്റനൻസ് പദ്ധതി പ്രകാരം പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നുണ്ടോ ;

(ബി) ഇതിനകം എത്ര കിലോമീറ്റർ റോഡുകളിൽ ഹെവി മെയിന്റനൻസ് നടത്തിയിട്ടുണ്ട് ;

(സി) ഹെവി മെയിന്റനൻസ് നടത്തുന്നതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ;

(ഡി) കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ ഈ പദ്ധതി പ്രകാരം എത്ര കിലോമീറ്റർ റോഡ് നിർമ്മിച്ചിട്ടുണ്ട് ;

(ഇ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ടോ ; പുതിയ നടപടിക്രമം ആവിഷ്ക്കരിച്ചതിനുശേഷം ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1003.40 കി.മി. റോഡുകളിൽ ഹെവി മെയിന്റനൻസ് പദ്ധതി നടത്തിയിട്ടുണ്ട്.

(സി) ഹെവി മെയിന്റനൻസ് പദ്ധതി പ്രകാരം നടത്തപ്പെടുന്ന റോഡു പണികൾ വളരെക്കാലം കേടുപാടുകൾ കൂടാതെ നിലനിൽക്കുകയും വാഹന യാത്ര സുഖകരമാക്കുകയും തദ്വാര വാഹനാപകടങ്ങളുടെ നിരക്ക് കുറയുകയും ചെയ്യുന്നതായി കണ്ടുവരുന്നു.

(ഡി) കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ ഈ പദ്ധതി പ്രകാരം 1003.40 കി.മി. റോഡുകളുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) റോഡുകളുടെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. നടപ്പു സാമ്പത്തിക വർഷം 76 കോടി രൂപയുടെ അറ്റകുറ്റപ്പണികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച പദ്ധതികൾ

7 (*607) ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ബാബുപോൾ :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യമൃഗസംരക്ഷണ മേഖലകളിൽ നടപ്പാക്കേണ്ട പദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആ പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്കായി എത്ര തുക വീതം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ഉണ്ട്.

(ബി) ഭക്ഷ്യവകുപ്പ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതികൾ

അരി, ഗോതമ്പ് എന്നിവയ്ക്കുപുറമെ മറ്റ് അവശ്യവസ്തുക്കൾ കൂടി (പയർ, മുളക് തുടങ്ങിയവ) റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതിന് ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. സപ്ലൈകോ മുഖാന്തിരം അവശ്യ സാധനങ്ങൾ വാങ്ങി പായ്ക്കറ്റുകളിലാക്കി റേഷൻ കടകൾ മുഖേന വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. പൊതുവിപണിയിലെ വിലയേക്കാൾ 10% എങ്കിലും കുറഞ്ഞവിലയിൽ പൊതുജനങ്ങൾക്ക് അവശ്യസാധനങ്ങൾ ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ടി പദ്ധതിയുടെ മൊത്തം ചിലവ് 353,84,84,200 രൂപയാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ 25% ആയ 88.46 കോടി രൂപ കേന്ദ്രം വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly